7. ചെക്ക് പോസ്റ്റുവഴി കടന്നു വരുന്ന വാഹനങ്ങൾ ഇന്റലിജൻസ് വീണ്ടും പരിശോധന നടത്തി നികുതി വെട്ടിപ്പ് തടയുന്നു.

8. സംസ്ഥാനത്തുടനീളം വാഹന പരിശോധന നടത്തി നികുതി വെട്ടിപ്പ് തടയുകയും പുതിയതായി ഇടവഴികൾ പ്രാബല്യത്തിൽ വരുമ്പോൾ അവയെ കുറിച്ച് അന്വേഷിക്കുകയും നികുതി ചോർച്ച തടയാൻ താൽക്കാലിക ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുകയും ചെയ്യുന്നു. ചെക്ക് പോസ്റ്റ് "ഡിക്ളറേഷൻസ്" പരിശോധിച്ച് നികുതി വെട്ടിപ്പ് തടയുന്നു.

(ജി) നികുതി വെട്ടിപ്പ് തടയുവാനായി വയനാട് ജില്ലയിൽ 6 പുതിയ ചെക്ക് പോസ്റ്റുകളും കാസർഗോഡ് ജില്ലയിൽ 7 പുതിയ ചെക്ക് പോസ്റ്റുകളും പാലക്കാട് 2 ചെക്ക് പോസ്റ്റുകളും തുടങ്ങി. സ്ഥിരം ചെക്ക് പോസ്റ്റുകൾക്ക് സമാന്തരമായ ഇട റോഡുകളിൽ "ഉപഗ്രഹ ചെക്ക് പോസ്റ്റുകൾ" സ്ഥാപിച്ച് അതുവഴിയുള്ള വാഹനങ്ങളും പരിശോധന നടത്തി നികുതി വെട്ടിപ്പ് തടയുന്നു. നികുതി വെട്ടിപ്പ് തടയുന്നതിന് ആവശ്യമെന്ന് കാണുന്ന സ്ഥലങ്ങളിൽ സ്കാഡുകളെ മാറ്റി നിയമിച്ചു.

സർക്കാരിന് വില്പന നികുതി ലഭിക്കുന്ന സ്രോതസ്സുകൾ

42 [325] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന് വില്പന നികുതി ഏതൊക്കെ സ്രോതസ്സുകളിൽ നിന്നുമാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ഓരോ സ്രോതസ്സിൽ നിന്നും ഓരോ മാസവും പിരിച്ചെടുക്കേണ്ട നികുതി കൃത്യമായി പിരിച്ചെടുക്കുന്നുവെന്ന് ഉറപ്പുവരുത്താറുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സംവിധാനത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) മുകളിൽ സൂചിപ്പിച്ച ഓരോ വില്പന നികുതി സ്രോതസ്സിൽ നിന്നും 1996-97 മുതൽ 2002-03 വരെയും 2003-04 സാമ്പത്തിക വർഷത്തിലെ ഡിസംബർ 31 വരെയും സർക്കാരിന് ലഭിച്ച നികുതി എത്രയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന് വില്പന നികുതി ലഭിക്കുന്നത് പ്രധാനമായും എണ്ണ കമ്പനികൾ, ബിവറേജസ് കോർപ്പറേഷൻ, മറ്റു വാണിജ്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മേൽപ്പറഞ്ഞ ഓരോ സ്രോതസ്സുകളിൽ നിന്നും ഓരോ മാസവും പിരിച്ചെടുക്കേണ്ട നികുതി കൃത്യമായി പിരിച്ചെടുക്കുന്നുവെന്ന് ഉറപ്പു വരുത്താറുണ്ട്. ഓരോ മാസവും പിരിച്ചെടുത്ത നികുതിയുടെ പ്രതിമാസ റിപ്പോർട്ടുകൾ ശേഖരിക്കുകയും പ്രതിമാസ അവലോകനം നടത്തുകയും ചെയ്തു വരുന്നു. കുറവ് അനുഭവപ്പെടുന്ന ഓഫീസുകളിൽ ആയതിന്റെ കാരണം കണ്ടുപിടിക്കുകയും കുറവ് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

കുറ്റക്കാരെന്ന് കാണുന്നവർക്കെതിരെ ശിക്ഷാ നടപടികളും സ്വീകരിച്ചു വരുന്നു. നികുതി അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ റനന്യൂ റിക്കവറി തുടങ്ങിയ നടപടികളും സ്വീകരിച്ചു വരുന്നു.

(സി) മുകളിൽ സൂചിപ്പിച്ച ഓരോ വില്പന നികുതി സ്രോതസ്സുകളിൽ നിന്നും 1996-97 മുതൽ ലഭിച്ച വരുമാനം അനുബന്ധമായി ചേർക്കുന്നു.†

അടയ്ക്കയ്ക്ക് വില്പന നികുതി

43 [326] ശ്രീ. കെ. സി. ജോസഫ് :

,, എഴുകോൺ നാരായണൻ :

,, ലൂഡി ലൂയിസ് :

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടയ്ക്കയ്ക്ക് വില്പന നികുതി ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം;

(ബി) ഈ നികുതി അടയ്ക്കാ കർഷകരെ എപ്രകാരം ബാധിക്കുമെന്ന് വെളിപ്പെടുത്താമോ;

(സി) ഈ നികുതി പിൻവലിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ;

(ഡി) ഈ വർഷം അടയ്ക്കയുടെ വില്പന നികുതിയിനത്തിൽ ഇതുവരെ കിട്ടിയ തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. കേരള വില്പന നികുതി നിയമം ഒന്നാം പട്ടിക 7-ാം ഇനം പ്രകാരം സംസ്ഥാനത്തിനകത്തുനിന്നും വാങ്ങുന്ന അടയ്ക്കയ്ക്ക് അവസാന വാങ്ങൽ സമയത്തും സംസ്ഥാനത്തിന് വെളിയിൽ നിന്നും കൊണ്ടുവരുന്ന അടയ്ക്കയ്ക്ക് സംസ്ഥാനത്ത് ആദ്യ വില്പന സമയത്തും 8% ആണ് നികുതി നിരക്ക്. എന്നാൽ സർക്കാർ നോട്ടിഫിക്കേഷൻ എസ്. ആർ. ഒ. 127/2000 പ്രകാരം അടയ്ക്കയുടെ നികുതി 4% ആയി കുറച്ചിട്ടുണ്ട്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly